# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎംപി.15/2426/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 28/12/2022
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസി.ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
3.ഓഫീസ് കോപ്പി

നമ്പർ: കെഎസ്എകെഡിഎംപി.15/2426/2022 തീയ്യതി: 28/12/2022

## കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഷൈജു.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 23-11-2022 | 29-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-11-2022 | 29-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സുധാ ജേക്കബ്, ഓഡിറ്റ് ഓഫീസർ
സുനിത. എം. എസ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
രഞ്ജിത്ത്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ഉണ്ണികൃഷ്ണൻ. എം, ഓഡിറ്റർ (ഹ.ഗ്രേ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ. രാജു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ബൈജു.റ്റി.പോൾ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| | | 01-04-2021 | 10-05-2021 |
| ഷാജി. എം. ഇ | സെക്രട്ടറി | 11-05-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതിൻ ബോസ്. കെ.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| യമുന കെ | സിഡിപിഒ | 01-04-2021 | 31-03-2022 |
| പ്രേംകുമാർ എൻ.എം | എസ് സി ഡി ഒ | 01-04-2021 | 31-03-2022 |
| മീന ചാക്കോ | കൃഷി അസി.ഡയറക്ടർ | 01-04-2021 | 26-05-2021 |
| ഡോ.അനീന സൂസൻ സക്കറിയ | കൃഷി അസി.ഡയറക്ടർ | 27-05-2021 | 31-03-2022 |
| ഡോ.സിജി വർഗീസ് | മെഡിക്കൽ ഓഫീസർ സിഎച്ച് സി | 01-04-2021 | 31-03-2022 |
| രേവതിക്കുട്ടി കെ.ആർ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 25-05-2021 |
| ആഷാ ബി. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-05-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്കുകളുടെ അവലോകനം | 1-2 |
| 3 | സാമ്പത്തികനില | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യ സുരക്ഷാപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല | 1-11 |
| 12 | വനിത ക്യാന്റീൻ കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല | 1-12 |
| 13 | ക്ഷീരസാഗരം പദ്ധതി - ലോൺ അനുമതി രേഖകൾ ഇല്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകി | 1-13 |
| 14 | ടാക്സ് ഇൻവോയ്സ് ലഭ്യമായില്ല | 1-14 |
| 15 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണവും ലഭ്യമായില്ല | 1-15 |
| 16 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-16 |
| 17 | പാടശേഖരങ്ങൾക്ക് ആക്സിൽ പമ്പ് - ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല. | 1-17 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-18 |
| 19 | വിളഒ മാർക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ - കെൽട്രോണിന് കൂടുതൽ തുക നൽകിയത് തിരികെ ഈടാക്കണം | 1-19 |
| 20 | പിഎംഎവൈ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാനുള്ളത് | 1-20 |
| 21 | വിനിയോഗവിവരം ലഭ്യമാക്കാത്തത് - ചെലവ് തടസ്സപ്പെടുത്തുന്നു | 1-21 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 19-03-22തീയതിയിലെ 2-നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കും റസീറ്റ് & പേമെന്റ് പത്രിക പ്രകാരമുള്ള വരവ്-ചെലവ് കണക്കും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | R&P പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 5984876 | 2592328 |
| വരവ് | 191149172 | 60504705 |
| ആകെ | 197134048 | 63097033 |
| ചെലവ് | 194186500 | 57935638 |
| നീക്കിയിരിപ്പ് | 2947548 | 5161395 |

ബജറ്റ് തയ്യാറാക്കുക എന്ന നിയമപരമായ ഒരു ബാധ്യത നിറവേറ്റുന്നതിന് പകരം പ്രതീക്ഷിത വരവ് ചെലവുകളും മുൻവർഷങ്ങളിലെ യഥാർത്ഥ വരവ്ചെലവുകളും താരതമ്യം ചെയ്ത് തുടർ വർഷങ്ങളിൽ പരമാവധി വിഭവസമാഹരണവും, ലഭ്യമായ വിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗവും ഉറപ്പുവരുത്താനുള്ള ആഭ്യന്തര നിയന്ത്രണസംവിധാനമെന്ന നിലയിൽ (ബഡ്ജറ്ററി കൺട്രോൾ) കൃത്യതയോടെ ബഡ്ജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക കണക്കുകളുടെ അവലോകനം

ഓഡിറ്റ് വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 5,15,40,521/- രൂപയും, ചെലവ് 4,30,90,214/- രൂപയും, തൻവർഷ പ്രവർത്തന മിച്ചം 81,50,169/- രൂപയുമാണ്. 31/03/2022-ലെ പഞ്ചായത്തിന്റെ ആസ്തിമൂല്യം 7,64,79,834/- രൂപയും, ബാധ്യതകളുടെ മൂല്യം 5,75,31,286/- രൂപയും ജനറൽ ഫണ്ട് 1,89,48,548/- രൂപയുമാണ്. ടി തുകകൾ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള വാർഷിക ധനകാര്യ പത്രികയുടെയും, പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും, ചുവടെ ചേർക്കുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി-ബാധ്യത നിർണ്ണയം നടത്തി കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.
2. പ്രോജക്ട് അടിസ്ഥാനത്തിൽ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതായിരുന്നുവെങ്കിലും, Capital Work In Progress ശീർഷകത്തിലെ നീക്കിയിരിപ്പിന്റെയും മുന്നിരിപ്പിന്റെയും ക്രമീകരണങ്ങളുടെയും ആധികാരികതയും കൃത്യതയും വിശദീകരിച്ചിട്ടില്ല.
3. ബ്ലോക്ക് പഞ്ചായത്തിന് ബാധ്യതയായി 31/03/2022 ൽ തിരിച്ചടയ്ക്കാനുള്ള വായ്പകൾ അവശേഷിക്കുന്നില്ലാത്ത (B-5) സാഹചര്യത്തിലും, 28.75 ലക്ഷം രൂപ Prepaid Programme Expense

ശീർഷകത്തിൽ (B-16) അവശേഷിക്കുന്നു. എന്നാൽ, ടി തുക IAY ലോണുമായി ബന്ധപ്പെട്ട് നിലനിന്നിരുന്നതാണെന്നും, ലോൺ തിരിച്ചടവ് പൂർത്തിയായിയെന്നും നിലവിൽ വായ്പയിനത്തിൽ തുകയൊന്നും തിരിച്ചടവാക്കുവാൻ ശേഷിക്കുന്നില്ലെന്നുമാണ് വിശദീകരിക്കപ്പെട്ടിട്ടുള്ളത്. ബന്ധപ്പെട്ട ബാങ്കിൽ നിന്നും ലോൺ ക്ലോസ് ചെയ്ത രേഖകൾ ലഭ്യമാക്കേണ്ടതും, Prepaid Programme Expense ശീർഷകത്തിൽ നിലനിൽക്കുന്ന എൻട്രി സംബന്ധിച്ച് തുടർ വർഷം ഉചിതമായ നടപടി സ്വീകരിക്കേണ്ടതുമാണ്. നടപടിക്രമം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിനത്തിൽ B-4 ഷെഡ്യൂളിൽ (320200305) നിലനിൽക്കുന്ന 7,27,358/- രൂപയുടെ ഗ്രാന്റ് ഇന വിവരവും കൃത്യതയും വിശദീകരിക്കപ്പെട്ടിട്ടില്ല. പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ച് വീക്ഷിക്കുന്നില്ല. ടി തുകയുടെ ഇന വിവരം, ലഭ്യമായ വർഷം തുടങ്ങിയ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

5. സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ ഏജൻസികളിൽ നിക്ഷേപിച്ച തുകകളുടെ വിശദാംശങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

7. 31/03/2022 തീയതിയിലെ ബ്ലോക്ക് പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമാക്കുന്ന അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.

8. ബി-11 ഷെഡ്യൂളിലുള്ള ആസ്തികൾ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ് എന്നതിനുള്ള ആധികാരിക രേഖകൾ ലഭ്യമല്ല.

9. I-17(a) ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യശോഷണം അക്കൗണ്ട് ചെയ്തതിന്റെ ആധികാരികത കാൽക്കുലേഷൻ ഷീറ്റിലൂടെ വ്യക്തമാക്കിയിട്ടില്ല.

10. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ 31/03/2022-ൽ നിലനിൽക്കുന്നതും 2021-22 വർഷം ഇടപാടുകളുണ്ടായിരുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. പ്രസ്തുത ഗ്രാന്റുകളുടെ വിനിമയത്തിന്റെ ആധികാരികത വ്യക്തമല്ല.

11. ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ (B-7ഷെഡ്യൂൾ) വിശദാംശം രേഖപ്പെടുത്തി ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിന്റെ അഭാവത്തിൽ ലഭിച്ച ഡെപ്പോസിറ്റ് മുന്നിരിപ്പ് തൻവർഷ ഇടപാടുകൾ എന്നിവയുടെ ആധികാരികത വ്യക്തമല്ല.

12. ബ്ലോക്ക് പഞ്ചായത്തിൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 31/03/2022 തീയതിയിലെ ബാലൻസ് ഷീറ്റ് B-18 ലെ ഡെപോസിറ്റ് തുകകളുടെ ആധികാരികതയും അക്കൗണ്ട് ശീർഷകങ്ങളിലെ മുന്നിരിപ്പിന്റെ കൃത്യതയും വ്യക്തമല്ല.

13. ബാങ്ക് അക്കൗണ്ടുകളുടെ റെകൺസിലിയേഷൻ നടത്തുന്നുണ്ടെങ്കിലും, വരവ്, ചെലവുകൾ യഥാക്രമം Directly Credited By The Bank, Directly Debited By The Bank എന്ന നിലയിലുള്ള രേഖപ്പെടുത്തലിൽ മാത്രമാണ് തുടർന്നുപോരുന്നത്. എന്നാൽ, Cheque Issued But Not Paid, Cheque Paid Into Bank For Collection എന്ന നിലയിൽ വേർതിരിച്ച് റെകൺസിലിയേഷൻ നടപടികൾ തുടരുന്നതായി വ്യക്തമായിട്ടില്ല. ടി നടപടി ക്രമപ്രകാരമല്ലാത്തതിനാൽ, തുടർ വർഷങ്ങളിൽ അപാകതയുണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

14. വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് തുടങ്ങിയവ അകൗണ്ട് ചെയ്യപ്പെട്ടതിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

I) വികസന ഫണ്ട് - എസ്.സി.എസ്.പി ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 1,12,48,797/- രൂപയാണെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് 1,13,98,992/- രൂപയായതിനാൽ 1,50,195/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അസി.

എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള 88/2022 നം. പദ്ധതിയുടെ (Improvements To Veshnal Settlement Colony) ചെലവ് തുക (1,50,195/- രൂപ - ബിൽ ബുക്ക്: ബിൽ നം. 04/18.08.2021) സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

Ii) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 20,00,000/- രൂപയാണ്. പദ്ധതി നം. 96, 99, 102, 103 എന്നീ പദ്ധതികൾക്കായി ചെലവഴിച്ച 20,00,000/- രൂപ ഒഴികെ, ശേഷിക്കുന്ന പദ്ധതി ചെലവുകളൊന്നും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 27,54,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

Iii) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 10,00,000/- രൂപയാണ്. പദ്ധതി നം. 98/2022 പദ്ധതിയ്ക്കായി (Kunnumpuram Govt. High School LP School Mess Hall Kitchen Construction) ചെലവഴിച്ച 10,00,000/- രൂപ ഒഴികെ, ശേഷിക്കുന്ന പദ്ധതി ചെലവുകളൊന്നും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 35,90,580/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

Iv) സംരക്ഷണഗ്രാന്റ് - നോൺറോഡ് ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 50,82,951/- രൂപയാണ്. പദ്ധതി നം. 51/2022 പദ്ധതിയ്ക്കായി (Day Today Expenses Of CHC-Vakathanam) ചെലവഴിച്ച 25,724/- രൂപ വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 25,724/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

വരവ് ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ പൂർണ്ണമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, ലഭ്യമാക്കിയ ധനകാര്യ പത്രിക പഞ്ചായത്തിന്റെ ധനസ്ഥിതിയെ കൃത്യമായി പ്രതിഫലിപ്പിക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾക്ക് രേഖാമൂലം വിശദീകരണം നൽകേണ്ടതാണ്.

## 1-3 സാമ്പത്തികനില

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 2592328 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60504705 |
| ആകെ | 63097033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57935638 |
| നീക്കിയിരിപ്പ് | 5161395 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13974180 |

## 1-4 ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം, വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ (ACR), ഗ്രാന്റ് സ്റ്റേറ്റ്മെന്റ് തുടങ്ങിയവ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ക്രോഡീകരിച്ചത് ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് ഇനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – ജനറൽ (ACR പ്രകാരം) | 0 | 2,08,52,460/- | 2,08,52,460/- | 1,97,93,000/- | 10,59,460/- | 94.91 |
| വികസനഫണ്ട് – എസ്.സി.എസ്.പി (ACR പ്രകാരം) | 0 | 1,13,99,476/- | 1,13,99,476/- | 1,13,98,992/- | 484/- | 99.99 |
| വികസനഫണ്ട് – ടി.എസ്.പി (ACR പ്രകാരം) | 0 | 1,20,600/- | 1,20,600/- | 79,000/- | 41,600/- | 65.50 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) (ACR പ്രകാരം) | 0 | 86,67,418/- | 86,67,418/- | 47,54,000/- | 39,13,418/- | 54.84 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) (ACR പ്രകാരം) | 0 | 49,10,019/- | 49,10,019/- | 45,90,580/- | 3,19,439/- | 93.49 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് (ACR പ്രകാരം) | 0 | 72,93,798/- | 72,93,798/- | 51,08,675/- | 21,85,123/- | 70.04 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 0 | 0 | 0 | 0 | 0 |

ഓഡിറ്റ് വർഷം സ്ഥാപനത്തിന്, ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ 56,36,000/- രൂപയും, സംയുക്ത പദ്ധതി ഫണ്ടിനത്തിൽ 1,96,000/- രൂപയും ലഭ്യമായിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷിൻ വാങ്ങുന്നതിലേക്കായി സംരക്ഷണഗ്രാന്റ് – നോൺറോഡ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്തിരുന്ന 51,180/- രൂപ, ഓഡിറ്റ് വർഷം സ.ഉ (സാധാ) 1276/2022/ ധന/24.02.2022 പ്രകാരം തിരികെ ലഭ്യമായിട്ടുണ്ട്.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുവദിച്ചിരുന്ന തുകയിൽ ചെലവഴിക്കാതിരുന്ന തുക, G.O.(Rt) 6591/2021/fin/07.10.2021 പ്രകാരം പുനരധികൃതമാക്കി, ധനകാര്യ കമ്മീഷൻ 'റ്റൈഡ്' ഇനത്തിൽ 31,39,418/- രൂപയും, ധനകാര്യ കമ്മീഷൻ 'അൺ റ്റൈഡ്' ഇനത്തിൽ

12,24,019/- രൂപയും ലഭ്യമായിട്ടുണ്ട്.

സ.ഉ (സാധാ) 2617/2022/ധന/31.03.2022 പ്രകാരം, ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശയനുസരിച്ച് മുൻവർഷത്തെ ക്യാരി ഓവർ തുകയുടെ പകുതി അനുവദിച്ചത് പ്രകാരം, വികസന ഫണ്ട് - ജനറൽ ഇനത്തിൽ 10,59,460/- രൂപയും, എസ്.സി.എസ്.പി ഇനത്തിൽ 476/- രൂപയും, ടി.എസ്.പി ഇനത്തിൽ 41,600/- രൂപയും, സംരക്ഷണഗ്രാന്റ് – നോൺറോഡ് ഇനത്തിൽ 2,60,618/- രൂപയും സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ട്.

ടി സർക്കാർ ഉത്തരവുകൾ പ്രകാരം ലഭ്യമായിട്ടുള്ള എല്ലാ തുകകളും ഉൾപ്പെടെയുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

വിവിധ ഗ്രാന്റുകളുടെ അലോട്ട്മെന്റ്, ചെലവ് തുടങ്ങിയവ അക്കൗണ്ട് ചെയ്യപ്പെട്ടതിലുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1) വികസന ഫണ്ട് - എസ്.സി.എസ്.പി ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചെലവ് തുക 1,12,48,797/- രൂപയാണെങ്കിലും, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് 1,13,98,992/- രൂപയായതിനാൽ 1,50,195/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള 88/2022 നം. പദ്ധതിയുടെ (Improvements To Veshnal Settlement Colony) ചെലവ് തുക (1,50,195/- രൂപ - ബിൽ ബുക്ക്: ബിൽ നം. 04/18.08.2021) സുലേഖ ചെലവ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.

2) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 20,00,000/- രൂപയാണ്. പദ്ധതി നം. 96, 99, 102, 103 എന്നീ പദ്ധതികൾക്കായി ചെലവഴിച്ച 20,00,000/- രൂപ ഒഴികെ, ശേഷിക്കുന്ന പദ്ധതി ചെലവുകളൊന്നും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 27,54,000/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied) ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 10,00,000/- രൂപയാണ്. പദ്ധതി നം. 98/2022 പദ്ധതിയ്ക്കായി (Kunnumpuram Govt. High School LP School Mess Hall Kitchen Construction) ചെലവഴിച്ച 10,00,000/- രൂപ ഒഴികെ, ശേഷിക്കുന്ന പദ്ധതി ചെലവുകളൊന്നും വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 35,90,580/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

4) സംരക്ഷണഗ്രാന്റ് – നോൺറോഡ് ഫണ്ട് ഇനത്തിൽ, വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ചെലവ് 50,82,951/- രൂപയാണ്. പദ്ധതി നം. 51/2022 പദ്ധതിയ്ക്കായി (Day Today Expenses Of CHC-Vakathanam) ചെലവഴിച്ച 25,724/- രൂപ വാർഷിക ധനകാര്യ പത്രികയിലെ ബന്ധപ്പെട്ട ശീർഷകത്തിൽ (RP-7) അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാൽ, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് തുകയുമായി 25,724/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

സർക്കാർ ഗ്രാന്റുകളുടെ അലോട്ട്മെന്റ് കണക്കുകളിലും ചെലവ് കണക്കുകളിലും മേൽവിവരിച്ച വ്യത്യാസങ്ങളും അക്കൗണ്ടിങ്ങ് അപാകതകളും നിലനിൽക്കുന്നതിന് വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 25.03.2022ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി രൂപീകരിയ്ക്കൽ | 28-01-21 |
| വർക്കിങ്ങ് ഗ്രൂപ്പ് യോഗം | 28-01-21, 29-01-21, 05-01-22 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 06-02-21 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 06-02-21 |
| വികസനസെമിനാർ | 11-02-21 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 91134264 രൂപയും ആകെ ചെലവ് 48170017-രൂപയുമാണ്. ചെലവ് 52.9. സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പടെ ആകെ 115 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 97എണ്ണം തൻവർഷം നടപ്പാക്കി. തൻവർഷം പ്രോജക്ടുകൾ ഏറ്റെടുത്ത 7 നിർവ്വഹണോദ്യോഗസ്ഥരിൽ സെക്രട്ടറിക്ക് മാത്രം 50% ൽ താഴെയാണ് ചെലവ്. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി അസി. ഡയറക്ടർ | 3 | 3 | 1270000 | 1269997 | 99.9 |
| എം.ഒ ( സിഎച്ച്സി) | 9 | 9 | 6519543 | 6432933 | 98.7 |
| എസ് സി ഡി ഒ | 7 | 6 | 5060000 | 4984300 | 98.5 |
| സിഡിപിഒ | 9 | 9 | 3856000 | 3849203 | 99.8 |
| സെക്രട്ടറി | 54 | 43 | 55734658 | 20923049 | 37.5 |
| അസി.എൻജിനീയർ എൽ.എസ്.ജി.ഡി | 26 | 20 | 13476663 | 7213512 | 53.5 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 5217400 | 3497023 | 67 |
| ആകെ | 115 | 97 | 91134264 | 48170017 | 52.9 |

ചുവടെ ചേർക്കുംപ്രകാരമുള്ള ഫണ്ടിനങ്ങൾ വർഷാവസാനം സഞ്ചിതനിധിയിലേയ്ക്ക് തിരികെ എടുക്കപ്പെട്ടു.

| ക്രമ നമ്പർ | ഫണ്ടിനം | ലാപ്സായ തുക |
|---|---|---|
| 1 | വികസനഫണ്ട്, പൊതുവിഭാഗം | 1059460 |
| 2 | വികസനഫണ്ട്, എസ്.സി.പി | 484 |
| 3 | വികസനഫണ്ട്, റ്റി.എസ്.പി | 41600 |
| 4 | മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം | 2185123 |

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

പ്രത്യേക പരാമർശമില്ല

## 1-7 സാമൂഹ്യ സുരക്ഷാപദ്ധതികൾ

ബാധകമല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാംവകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നിർവ്വഹിച്ച തീയതി/സമയം | ക്യാഷ് (Rs.) | ഡി.ഡി/ചെക്ക് | റിമാർക്സ് |
|---|---|---|---|
| 23.11.2022 @ 02:56 PM | ഇല്ല | ഇല്ല | കൃത്യത ബോധ്യപ്പെട്ടു |

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ഓഫീസ് ഉത്തരവിലൂടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമല്ല. തൻവർഷം നൽകുന്ന തുകകൾ മാത്രമാണ് ടി രജിസ്റ്ററുകളിൽ രേഖപ്പെടുത്തുന്നത്. കാലഹരണപ്പെട്ട തുകകൾ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയിട്ടില്ല. തനതുഫണ്ടിൽ നിലനിൽക്കുന്ന പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സംബന്ധിച്ച അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. രസീതുബുക്കുകളുടെയും സ്റ്റേഷനറികളുടെയും സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിയ്ക്കുന്നുണ്ടെങ്കിലും കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിയ്ക്കുന്നില്ല. വൗച്ചറുകൾ കൃത്യമായി മാസം തിരിച്ച് അടുക്കി സൂക്ഷിയ്ക്കുന്നുണ്ട്. സ്റ്റാന്റിംഗ് കമ്മിറ്റികൾ എല്ലാ മാസങ്ങളിലും ചേർന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളും നിശ്ചിത ഇടവേളകളിൽ യോഗം ചേർന്ന് പദ്ധതി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ പ്രോജക്ടുകളുടെ നടത്തിപ്പ് വർക്കിംഗ് ഗ്രൂപ്പുകൾ കൃത്യമായി മോണിറ്റർ ചെയ്ത് പദ്ധതി പൂർത്തീകരണസാക്ഷ്യപത്രം തയ്യാറാക്കിയതായി ഒരു ഫയലിലും കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാന ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21-04-22<br>29-04-22 | 2020-21 | DPAW/KTM/2022 തീയതി 08/5/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23-11-2013 | 2008-09മുതൽ 2012-13വരെ | LBA(HQ) I/I/LBAII/195 തീയതി 20-11-2013 |

## 1-11 ഇ-ടെൻഡർ ഫീസ്- ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമായിട്ടില്ല

മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട ഇ-ടെൻഡറുകളുടെ ഫീസുകൾ ഒടുക്കി വന്നിരുന്നത് അതാത് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ്. ടി തുകകൾ ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിലേക്കുള്ള വരുമാനമാണ്. ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും എസ്.ബി.ഐ.യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല. 2021-22 വർഷവും മുൻവർഷങ്ങളിലും മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. തൻവർഷം 70640 രൂപ ഇ-ടെൻഡർ ഫീസിനത്തിൽ വരവുണ്ട്. മുൻവർഷത്തേതുൾപ്പെടെ ഇ-ടെൻഡർ ഫീസിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കുവാനുള്ള തുകകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

**1-12 വനിത ക്യാന്റീൻ കെട്ടിടം നാളിതുവരെ പ്രവർത്തനക്ഷമമാക്കിയില്ല**

ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ വനിത സ്വാശ്രയസംഘങ്ങളെ സ്വയം പര്യാപ്തമാക്കുന്നതിനും അവർക്ക് തൊഴിൽ പരിശീലനം നൽകുന്നതിനും വേണ്ടി 2018-19 വർഷത്തെ വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി വനിതക്യാന്റീൻ നിർമ്മിക്കുന്നതിനായി പ്രോജക്ട് തയ്യാറാക്കിയിരുന്നു. പ്രസ്തുത കെട്ടിടത്തിന്റെ ചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | 121/19 വനിത ക്യാന്റീൻ നിർമ്മാണം | 122/21 വനിത ക്യാന്റീൻ നിർമ്മാണം -ഒന്നാംഘട്ടം | 158/21 വനിത ക്യാന്റീൻ പൂർത്തീകരണം - രണ്ടാംഘട്ടം | 116/21 വനിത ക്യാന്റീൻ പൂർത്തീകരണം | 89/22 വനിത ക്യാന്റീൻ പൂർത്തീകരണം - രണ്ടാംഘട്ടം |
|---|---|---|---|---|---|
| അടങ്കൽ | 553784 | 756243 (വികസനഫണ്ട് പൊതുവിഭാഗം) | 1050000 (വികസനഫണ്ട് പൊതുവിഭാഗം) | 593341 (വികസനഫണ്ട് പൊതുവിഭാഗം) 96787 (തനത് ഫണ്ട്) | 300000 (വികസനഫണ്ട് പൊതുവിഭാഗം) |
| ചെലവ് | 553784 | 704063 | 359872 | 593341 | 296268 |
| ബിൽ നം | 22.3.19 | 11/21-5-20, 33/17-2-21 | 43/29-3-21 | 12/15.11.22 | 26/15.3.22 |
| കരാറുകാരൻ | ഷാഹുൽ ഹമീദ് | ഷാജു ജോസഫ് | എ എസ് ജോസഫ് | എ എസ് ജോസഫ് | എ എസ് ജോസഫ് |

കെട്ടിട നിർമ്മാണം 2507328 രൂപ ചെലവഴിച്ച് നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.9/28.11.22) വനിതാക്യാന്റീൻ ആരംഭിക്കുകയെന്നത് നിലവിൽ പ്രായോഗികമല്ലാത്തിനാൽ കെട്ടിടം ഉപയോഗപ്പെടുത്തി Food Processing Fecilitation And Training Centre ആരംഭിക്കുന്നതിനായി 22-23 വർഷം പ്രോജക്ട് തയ്യാറാക്കിയിട്ടുള്ളതായി മറുപടി നല്കി. കെട്ടിടം പ്രവർത്തനക്ഷമമാകാത്ത സാഹചര്യത്തിൽ 2021-22 വർഷം പ്രോജക്ടിനായി ചെലവഴിച്ച 889609/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കെട്ടിടം പ്രവർത്തനക്ഷമമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-13 ക്ഷീരസാഗരം പദ്ധതി - ലോൺ അനുമതി രേഖകൾ ഇല്ലാതെ സബ്സിഡി തുക അനുവദിച്ച് നൽകി

| | |
|---|---|
| പദ്ധതി നം. | S0084/2022 |
| പദ്ധതി | ക്ഷീരസാഗരം |
| അടങ്കൽ | 29,20,000/- |
| ചെലവ് | 12,00,000/- |
| ഫണ്ട് ഇനം | വികസന ഫണ്ട് - ജനറൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം |

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുൾപ്പെട്ട അഞ്ച് ഗ്രാമ പഞ്ചായത്തുകളിലെ ക്ഷീര കർഷകർക്ക് 60,000/- രൂപ ബാങ്ക് ലോൺ ലഭ്യമാക്കിക്കൊണ്ട് കറവ പശുക്കളെ വാങ്ങി ഇൻഷ്വർ ചെയ്യുമ്പോൾ, ബാക്ക് എൻഡ് സബ്സിഡിയയി 30,000/- രൂപ പ്രകാരം ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്ന 'ക്ഷീരസാഗരം' (സ്പിൽ ഓവർ) പദ്ധതിയിൽ, താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട ബാങ്കുകളുടെ അനുമതി രേഖകൾ ഉള്ളതായി ലഭ്യമാക്കിയ പദ്ധതി ഫയലിൽ നിന്നും വ്യക്തമാകുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | ബാങ്ക്/ ബാങ്ക് അക്കൗണ്ട് നം. | ട്രഷറി ബിൽ ബുക്ക് പ്രകാരമുള്ള ബിൽ നം./ തീയതി | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത സബ്സിഡി തുക |
|---|---|---|---|---|
| 1) | വിജയമ്മ ഇടമനക്കുളം തൃക്കോതമംഗലം | കേരള ഗ്രാമീൺ ബാങ്ക് 406141013050120 | 21/21-22 /26.03.22 | 30,000/- |
| 2) | സൗദാമിനി രാജു പടിഞ്ഞാറേതിൽ ഇരവുചിറ | വാകത്താനം സർവീസ് സഹകരണ ബാങ്ക് 16930200000826 | 19/21-22 /23.03.22 | 30,000/- |
| 3) | സ്റ്റെജി ഷാജി വെട്ടിത്താനം ഇരവുചിറ | വാകത്താനം സർവീസ് സഹകരണ ബാങ്ക് 16930200000826 | 19/21-22 /23.03.22 | 30,000/- |
| 4) | ആണ്ടമ്മ ജോൺ കൊട്ടുവയലിൽ ഇരവുചിറ | വാകത്താനം സർവീസ് സഹകരണ ബാങ്ക് 16930200000826 | 19/21-22 /23.03.22 | 30,000/- |
| 5) | വിജയകുമാരി.കെ.എൽ മഠത്തിപ്പറമ്പിൽ പരിയാരം | കേരള ഗ്രാമീൺ ബാങ്ക് 406141013050120 | 27/21-22 /30.03.22 | 30,000/- |
| 6) | വത്സമ്മ ശശി കരോട്ട് ഇരവുചിറ | വാകത്താനം സർവീസ് സഹകരണ ബാങ്ക് 16930200000826 | 19/21-22 /23.03.22 | 30,000/- |
| 7) | കുഞ്ഞമ്മ കുരുവിള | വാകത്താനം | 20/21-22 | 30,000/- |

| | | | | |
|---|---|---|---|---|
| | അമ്പലത്തട്ടേൽ<br>തോട്ടയ്ക്കാട് | സർവീസ്<br>സഹകരണ<br>ബാങ്ക്<br>16930200000826 | /23.03.22 | |
| 8) | റജി മാത്യു<br>ചോതിരക്കുന്നേൽ<br>തോട്ടയ്ക്കാട് | വാകത്താനം<br>സർവീസ്<br>സഹകരണ<br>ബാങ്ക്<br>16930200000826 | 21/21-22<br>/26.03.22 | 30,000/- |
| 9) | വത്സമ്മ ബാബു<br>പുതുക്കാട്ട്<br>തോട്ടയ്ക്കാട് | വാകത്താനം<br>സർവീസ്<br>സഹകരണ<br>ബാങ്ക്<br>16930200000826 | 20/21-22<br>/23.03.22 | 30,000/- |
| 10) | ബിന്ദു ലാലിച്ചൻ<br>പുളിക്കപ്പടവിൽ<br>തോട്ടയ്ക്കാട് | വാകത്താനം<br>സർവീസ്<br>സഹകരണ<br>ബാങ്ക്<br>16930200000826 | 21/21-22<br>/26.03.22 | 30,000/- |
| 11) | സാറാമ്മ വർഗ്ഗീസ്<br>പേഴുംമൂട്ടിൽ<br>പുത്തൻചന്ത | സ്റ്റേറ്റ് ബാങ്ക്<br>ഓഫ് ഇന്ത്യ<br>57037965624 | 10/21-22<br>/16.02.22 | 30,000/- |
| 12) | സിസി രാജു<br>പുതുക്കാട്<br>തോട്ടയ്ക്കാട് | വാകത്താനം<br>സർവീസ്<br>സഹകരണ<br>ബാങ്ക്<br>16930200000826 | 20/21-22<br>/23.03.22 | 30,000/- |
| | | | ആകെ തുക | 3,60,000/- |

ബന്ധപ്പെട്ട ബാങ്കുകൾ ലോൺ നടപടിക്രമങ്ങൾ പൂർത്തീകരിച്ച്, ലോൺ അനുമതി രേഖകൾ ലഭ്യമാക്കാതെ, ഗുണഭോക്താക്കൾക്ക് സബ്സിഡി തുക അനുവദിച്ച് നൽകാനുണ്ടായ സാഹചര്യം സംബന്ധിച്ച്, തുക തിരികെ ഈടാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (12/29.11.22) മറുപടി ലഭ്യമായിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ ഇപ്രകാരം പരാമർശിച്ചിരിക്കുന്നു. "ബന്ധപ്പെട്ട ബാങ്കുകൾ ഓരോ ഗുണഭോക്താക്കളുടെയും പേരിൽ ലോൺ പാസാക്കുകയും ക്ഷീരവികസന ഓഫീസർക്ക് കത്ത് നൽകുകയും ടി കത്തുകൾ ഫയലിൽ സൂക്ഷിക്കുകയും ചെയ്തിരുന്നു. ആയത്, നഷ്ടപ്പെട്ടിട്ടുണ്ടോയെന്നറിയില്ല. 24.06.2022-ന് സ്ഥലം മാറ്റം മുഖേന ആഫീസിൽ നിന്നും വിടുതൽ ചെയ്തപ്പോൾ ഫയൽ ആ ആഫീസിൽ ഏൽപ്പിച്ചിരുന്നു. ഫയലിൽ നിന്നും എന്തെങ്കിലും നഷ്ടപ്പെട്ടതായി അറിയില്ല. പരാമർശത്തിൽ പറയും പ്രകാരം ഒരു നിർവ്വഹണ ഉദ്യോഗസ്ഥർക്കും ബാങ്ക് ലോൺ പാസ്സാക്കാതെ പ്രസ്തുത പദ്ധതി നിർവ്വഹണം നടത്തുവാനാകില്ല. നാൽപ്പത് പേർക്ക് ലോൺ പാസ്സാക്കിയിട്ടുണ്ടെന്നും ആയതിന് ശേഷമാണ് സബ്സിഡി ബാങ്കുകൾക്ക് മാറി നൽകിയിരിക്കുന്നതെന്നും, ബാങ്കുകളുമായി ബന്ധപ്പെട്ട് പരിശോധിച്ചാലോ അന്വേഷണം നടത്തിയാലോ

മനസ്സിലാകുന്നതാണ്." എന്നാൽ, ലഭ്യമാക്കിയിട്ടുള്ള ഫയലിൽ നിന്നും പ്രസ്തുത ഗുണഭോക്താക്കളുടെ ലോൺ അനുമതി രേഖകളുടെ വിശദാംശങ്ങൾ വ്യക്തമാകാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 3,60,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയതിനാൽ, ടി പദ്ധതിയുമായി ബന്ധപ്പെട്ട്, ഓഡിറ്റ് കാലയളവിലെ ബന്ധപ്പെട്ട തീയതികളിൽ ബാങ്കുകൾ ലഭ്യമാക്കിയിട്ടുള്ള ലോൺ അനുമതി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, ടി ഗുണഭോക്താക്കൾക്ക് 2021-22 സാമ്പത്തിക വർഷം അതത് ലോൺ അക്കൗണ്ടുകളിൽ സബ്സിഡി തുക അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുള്ളതിന്റെ ബാങ്ക് രേഖകളും, മേൽ പരാമർശിച്ചിട്ടുള്ള ക്ഷീരകർഷകർ സബ്സിഡി തുകയുടെ ഗുണഭോക്താക്കളായതിന് ആധാരമായ രേഖകൾ ഉൾപ്പെടെ ഓഡിറ്റിന് മറുപടി നൽകേണ്ടതും, തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 ടാക്സ് ഇൻവോയ്സ് ലഭ്യമായില്ല

ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട്, KCMMF Ltd - ന്റെ (Kerala Co-operative Milk Marketing Federation Ltd) എസ്.ബി.ഐ - ലുള്ള 57042309686 നം. അകൗണ്ടിലേയ്ക്ക് 8,09,650/- രൂപ (3,65,000 + 2,10,000 + 2,34,650) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിരുന്നുവെങ്കിലും, പ്രോഡക്റ്റ് സംബന്ധിച്ച ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

I) ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി

| | |
|---|---|
| പദ്ധതി നം. | S0020/2022 |
| പദ്ധതി | ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി |
| ഫണ്ട് ഇനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ | 7,50,000/- |
| ചെലവ് | 7,50,000/- |
| ബിൽ നം./ തീയതി | 155/24.01.2022 (3,65,000/-)<br>167/04.02.2022 (2,10,000/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം |

II) വനിത ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി

| | |
|---|---|
| പദ്ധതി നം. | S00171/2022 |
| പദ്ധതി | വനിത ക്ഷീര കർഷകർക്ക് കാലിത്തീറ്റ സബ്സിഡി |
| ഫണ്ട് ഇനം | വികസന ഫണ്ട് - ജനറൽ |
| അടങ്കൽ | 2,75,000/- |
| ചെലവ് | 2,75,000/- |
| ബിൽ നം./ തീയതി | 171/24.03.2022 (2,34,650/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ,<br>മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം |

പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ള 8,09,650/- രൂപയുടെ ടാക്സ് ഇൻവോയ്സ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്

നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (07/28.11.2022), ഇൻവോയ്സ് ലഭ്യമാക്കുന്നതിന് KCMMF Ltd-നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഹാജരാക്കുന്നതാണെന്നുമുള്ള മറുപടി ലഭ്യമായിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കാത്ത സാഹചര്യത്തിൽ, പ്രസ്തുത ഗുണഭോക്താക്കൾക്കായി നൽകിയ 8,09,650/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻവോയ്സ് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതുമാണ്.

1-15 കമ്പ്യൂട്ടറും അനുബന്ധ ഉപകരണവും ലഭ്യമായില്ല

ഡയറി എക്സ്റ്റൻഷൻ ഓഫിസിലേയ്ക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന്റെ ഭാഗമായി Cprcs വെബ് പോർട്ടൽ മുഖേന കമ്പ്യൂട്ടർ ലഭ്യമാകുന്നതിലേയ്ക്കായി, കേരള ഐ.റ്റി മിഷന്റെ വെള്ളയമ്പലം സബ് ട്രഷറി അക്കൗണ്ടിലേയ്ക്ക് (നം. 799011400003959), 63,102/- രൂപ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകി പർച്ചേസ് ഓർഡർ നൽകുകയും, കെൽട്രോൺ പ്രൊഫോർമ ഇൻവോയ്സ് ലഭ്യമാക്കുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതി നം. | SOO105/2022 |
| പദ്ധതി | ഡി.ഇ.ഒ ഓഫീസിൽ കമ്പ്യൂട്ടറും അനുബന്ധ സാധനങ്ങളും വാങ്ങൽ |
| ഫണ്ട് ഇനം | സംരക്ഷണഗ്രാന്റ് – നോൺറോഡ് |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നം./ തീയതി | 201/17.02.2022 (63,102/-) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് കാര്യാലയം |

| Sl No. | Item Description | Keltron Proforma Invoice No./Date | Amount |
|---|---|---|---|
| 1) | Desktop -Intel Processor-Medium End-Windows 10 Prof. | TVM/ITBG/PI/RC /34617/20-21 /07.02.2022 | 39,797/- |
| 2) | 1 KVA UPS With 30 Mins-Medium End-Operating System | TVM/ITBG/PI/RC /34623/20-21 /07.02.2022 | 23,305/- |
| | | Total | 63,102/- |

2021-22 വർഷത്തെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായുള്ള ടി പദ്ധതി, 2022-2023 വർഷത്തിൽ സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുണ്ടോയെന്നത് സംബന്ധിച്ചും, പർച്ചേസ് ഓർഡർ നൽകി നാളിതുവരെ ഉപകരണങ്ങൾ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ, ടി വിഷയവുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർനടപടികളുടെ വിശദാംശങ്ങൾ ഉൾപ്പെടെ, പദ്ധതിയുടെ നിജസ്ഥിതി സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (06/28.11.2022), നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിച്ച മറുപടിയിൽ നിന്നും, ഉപകരണങ്ങൾ ലഭ്യമാകാത്തത് സംബന്ധിച്ചോ, പദ്ധതി സ്പിൽ ഓവറായി ഏറ്റെടുത്തിട്ടുണ്ടോയെന്നത് സംബന്ധിച്ചോ, വിവരങ്ങൾ ലഭ്യമായിട്ടില്ല. പ്രോഡക്റ്റ് പർച്ചേസിന്റെ ഭാഗമായി ബന്ധപ്പെട്ട കക്ഷിയുമായി കരാറിലേർപ്പെട്ടതിന്റെ രേഖകൾ പദ്ധതി ഫയലിൽ ലഭ്യമായിട്ടില്ലായെന്ന് മാത്രമല്ല, തുക കേരള ഐ.റ്റി മിഷന് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകിയതിന് ശേഷം, പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ തുടർനടപടികൾ ഉണ്ടായിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തുനൽകിയെങ്കിലും നാളിതുവരെ ഉപകരണങ്ങൾ

ലഭ്യമാകാത്ത സാഹചര്യത്തിൽ, കേരള ഐ.റ്റി മിഷനമായി ബന്ധപ്പെട്ട്, ടി തുകയുടെ റീഫണ്ടിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കേരള ഐ.റ്റി മിഷനിൽ നിന്നും 63,102/- രൂപ ലഭ്യമാക്കി, ബന്ധപ്പെട്ട ഫണ്ടിൽ (സംരക്ഷണഗ്രാന്റ് – നോൺറോഡ്) തിരികെ അടവാക്കേണ്ടതും വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - പട്ടികജാതി വികസന ഓഫീസർ

പഠന മുറി നിർമ്മാണം എന്ന പ്രോജക്ട് പ്രകാരം 2019-20 വർഷം പഠനമുറി നിർമ്മാണം ആരംഭിച്ച അനുമോൾ സജികുമാർ, D/O സജികുമാർ.പി.ബി, പാറപ്പറമ്പിൽ ഹൗസ്, വെട്ടൂർ പി.ഒ. എന്ന ഗുണഭോക്താവ് നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായി കാണുന്നു. ടിയാൾക്ക് നല്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗഡു | തുക | ബിൽ നം |
|---|---|---|
| 1-ാം ഗഡു | 50000 | 14/19-20/12.11.19 |
| 2-ാം ഗഡു | 50000 | 47/19-20/24.2.20 |
| 3-ാംഗഡു | 25000 | 9/20-21/17.7.20 |
| ആകെ | 125000 | |

ടിയാൾ നാളിതുവരെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണവും ആയതിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കാനാവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക്, (നം.2/26.11.22) ടിയാളോട് പല തവണ നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശങ്ങൾ നല്കിയിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിക്കാൻ കൂട്ടാക്കുന്നില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഗുണഭോക്താവിന് പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കാൻ കഴിയാത്തപക്ഷം, തുക തിരികെ ഈടാക്കുവാൻ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 പാടശേഖരങ്ങൾക്ക് ആക്സിൽ പമ്പ് - ഇൻസ്റ്റലേഷൻ നടത്തിയിട്ടില്ല.

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പാടശേഖരങ്ങൾക്ക് ആക്സിൽ പമ്പ് (12/22) പദ്ധതി പ്രകാരം വാഴപ്പിള്ളി പഞ്ചായത്തിലെ പട്ടിത്താനം പാടശേഖരസമിതിയ്ക്ക് വികസനഫണ്ടിൽ നിന്നും 1200000- (BILL NO. CB No. 2/21-22/17-03-22 ) ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്ന് ആക്സിൽ പമ്പ് വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് നൽകിയ അന്വേഷണകുറിപ്പിന് നൽകിയ മറുപടിയുടെയും സ്ഥലപരിശോധന നടത്തിയതിന്റെയും അടിസ്ഥാനത്തിലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) റെയ്ഡ്കോയുടെ ഇൻവോയ്സ് പ്രകാരം പമ്പിന്റെ മൊത്തം തുക 1230000- രൂപയാണ്. ഇതിൽ 1200000- രൂപയാണ് സബ്സിഡിയായി നൽകിയിരിക്കുന്നത്. ഒരു നൂതനപദ്ധതിയായി കോർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും 1200000/- മാത്രമാണ് വകയിരുത്തിയതെന്നതിനാൽ ബാക്കി തുക 30000/- പാടശേഖരസമിതി റെയ്ഡ്കോയ്ക്ക് നേരിട്ട് അടയ്ക്കുകയുമാണ് ചെയ്തതെന്ന് കൃഷി അസിസ്റ്റന്റ് ഡയറക്ടർ മറുപടി നൽകി. എന്നാൽ കോർഡിനേഷൻ കമ്മിറ്റി തീരുമാനം ലഭ്യമാക്കിയില്ല.

2) ആക്സിൽ പമ്പ് ഇൻസ്റ്റാൾ ചെയ്തതിന്റെ റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലപരിശോധനയിൽ നിലവിൽ പെട്ടി പറ പ്രവർത്തിയ്ക്കുന്നതായും ആക്സിൽ പമ്പ് ഇൻസ്റ്റാൾ ചെയ്യാതെ പാടശേഖരത്തിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായും കണ്ടെത്തി. പാടശേഖരത്തിൽ പമ്പ് സ്ഥാപിയ്ക്കുന്ന തോട്ടിലെ വെള്ളം വറ്റാത്തതിനാലാണ് പമ്പ് സ്ഥാപിയ്ക്കാത്തതെന്നും വെള്ളം വറ്റിച്ച് പമ്പ് സ്ഥാപിച്ചതിനു ശേഷം ഇൻസ്റ്റലേഷൻ റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ഹാജരാക്കുന്നതാണെന്നും കൃഷി അസിസ്റ്റന്റ്

ഡയറക്ടർ മറുപടി നൽകി. എന്നാൽ പമ്പ് ഇൻസ്റ്റാൾ ചെയ്യാത്ത അവസ്ഥയിൽ ദീർഘനാൾ തുടരുന്നത് പ്രവർത്തനക്ഷമതയെ ബാധിയ്ക്കാനിടയാക്കും.

3) നിലവിൽ പ്രവർത്തിയ്ക്കുന്ന പെട്ടി പറ പഴയതും അടിയ്ക്കടി മെയിന്റനൻസ് വേണ്ടി വരുന്നതും അത് മാറ്റി താൽക്കാലികമായി മറ്റൊരു പാടശേഖരത്തിൽ സ്ഥാപിച്ചതിന് ശേഷം ആക്സിൽ പമ്പ് സ്ഥാപിയ്ക്കുന്നതാണെന്നും സ്ഥല പരിശോധനാവേളയിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. എന്നാൽ പെട്ടി പറ നിലവിലില്ലാത്ത, പമ്പ് സ്ഥാപിയ്ക്കുന്നതിനാവശ്യമായ ഭൗതികസാഹചര്യമുള്ള മറ്റൊരു പാടശേഖരം തെരഞ്ഞെടുക്കുന്നതായിരുന്നു ഉചിതം.

പദ്ധതി പൂർത്തീകരിച്ച് ആക്സിൽ പമ്പ് ഉപയോഗപ്രദമാക്കിയതിന്റെ മോണിറ്ററിംഗ് റിപ്പോർട്ടും പ്രവർത്തനറിപ്പോർട്ടും ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 1200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-18 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ വാകത്താനം സി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി ആകെ 1600000 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.എന്നാൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| പ്രോജക്ട് നമ്പർ | എസ് 048/22 |
|---|---|
| അടങ്കൽ | 1600000 |
| ചെലവ് | 1600000 |

കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, നീതി സ്റ്റോർ കടപ്ലാമറ്റം എന്നീ സ്ഥാപനങ്ങളിൽ നിന്നുമാണ് മരുന്നുകൾ വാങ്ങുന്നതിനായി തുക നൽകിയിട്ടുള്ളത്.ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തുക |
|---|---|
| 28/21-22/13.01.22 | 194435 |
| 26/21-22/07.01.22 | 1245210 |
| 35/21-22/17.02.22 | 49904 |
| 41/21-22/11.03.22 | 10451 |
| 49/21-22/22.03.22 | 100000 |
| ആകെ | 1600000 |

മേൽ ചെലവഴിച്ച തുകയിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന് നൽകിയത് ആകെ 1080793/- രൂപയാണ്. ടി തുകയിൽ 475486 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 605307 രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യത്തിൽ 605307 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ അടിയന്തിരമായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

### 1-19 വിഇഒ മാർക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ - കെൽട്രോണിന് കൂടുതൽ തുക നൽകിയത് തിരികെ ഈടാക്കണം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിഇഒമാർക്ക് ലാപ്ടോപ്പ് വാങ്ങൽ (നം.93/22) പദ്ധതിയിൽപ്പെടുത്തി തനതുഫണ്ടിൽ നിന്നും 272290- (ചെക്ക് നം. 0092053/16-09-21 ) ചെലവഴിച്ച് കെൽട്രോണിൽ നിന്നും 10 ലാപ്ടോപ്പുകൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. കെൽട്രോണിൽ നിന്നുള്ള പ്രൊഫോമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക കൈമാറിയിരുന്നത്. പിന്നീട് ടാക്സ്

ഇൻവോയ്സ് ലഭിച്ചപ്പോൾ തുക 261818.40 ആയി കുറഞ്ഞിട്ടുണ്ട്. നിലവിൽ കെൽട്രോണിൽ 10472- രൂപ ബാലൻസ് നിൽക്കുന്നു. ബാലൻസ് തുക കെൽട്രോണിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-20 പിഎംഎവൈ പദ്ധതി - ഭവന നിർമ്മാണം പൂർത്തീകരിയ്ക്കാനുള്ളത്

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ അഞ്ചു പഞ്ചായത്തുകളിലെ ചുവടെ കൊടുത്തിരിയ്ക്കുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിയ്ക്കാൻ ശേഷിയ്ക്കുന്നു.

| ഗ്രാമപഞ്ചായത്ത് | ഗുണഭോക്താക്കളുടെ വിവരം | നാളിതുവരെ കൈപ്പറ്റിയ തുക |
|---|---|---|
| മാടപ്പള്ളി | അഖിലേഷ്.ഇ.വി,വെളുത്തേടൻപറമ്പ് | 160000 |
| | ബിന്ദു.ടി.കെ, തോപ്പിൽ | 306000 |
| | ഓമന സി.വി, അമ്പാട്ടുപറമ്പിൽ | 306000 |
| | ആശ അനീഷ്, ഇടത്തുംകടവിൽ | 306000 |
| | മാത്യു മാത്യു, ചിറത്തലയ്ക്കൽ | 230000 |
| പായിപ്പാട് | ഉല്ലാസ് ചന്ദ്രൻ,ചാട്ടുപറമ്പിൽ | 306000 |
| | രമ പ്രദീപ്, കക്കാട് | 376000 |
| | അമ്മിണി തങ്കപ്പൻ,വടക്കേക്കരത്തറ | 50000 |
| | ശ്രീനിവാസിനി.പിഎസ്,പുതുപ്പറമ്പിൽ | 376000 |
| | മഞ്ജു ആർ.പി,അഭിനവം | 208000 |
| | അമിത ശശി,കണ്ണനാട്ട് കൊച്ചുപറമ്പിൽ | 278000 |
| തൃക്കൊടിത്താനം | ഗോപി,ശാരിഭവൻ | 376000 |
| | ഭവാനി.എൻ.കെ,വലിയതോപ്പിൽ | 328000 |
| | രാജീവ്,തടത്തിൽ | 376000 |
| വാകത്താനം | രാമലക്ഷ്മി,മറ്റത്തിൽ | 376000 |
| | അനീഷ് കുമാർ,കുന്നേപ്പറമ്പിൽ | 230000 |
| | ജസിമോൾ.മുള്ളനളയ്ക്കൽ | 376000 |
| വാഴപ്പള്ളി | അനിൽകുമാർ കെ,മച്ചുകാട് | 376000 |
| | ജയൻ പി.ജെ,പുത്തൻകളത്തിൽ | 208000 |
| | സിന്ധു ഷാജി,ഉണ്ടിത്തറയിൽ | 376000 |

മേൽ ഗുണഭോക്താക്കളിൽ മിക്കവരും ഭിത്തി വാർക്ക വരെ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും 20-12-21 ൽ മുൻകൂറായി 50000- കൈപ്പറ്റിയ പായിപ്പാട് ഗ്രാമപഞ്ചായത്തിലെ അമ്മിണി തങ്കപ്പൻ ഭവനനിർമ്മാണം നടത്തിയിട്ടില്ല. ടിയാൾ ഉൾപ്പെടെ എല്ലാ ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം പൂർത്തിയാക്കി വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-21 വിനിയോഗവിവരം ലഭ്യമാക്കാത്തത് - ചെലവ് തടസ്സപ്പെടുത്തുന്നു

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ | പ്രവൃത്തിയുടെ | ബിൽ/ചെക്ക് | മുൻകൂർ | ചെലവഴിച്ച | ചെലവഴിക്കാൻ |
|---|---|---|---|---|---|

| ഏജൻസി | പേര് (പ്രോജക്റ്റ് നം.) | നം. | നൽകിയ തുക (Rs.) | തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 172/22-മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 304/25-03-22 | 499494 | 0 | 499494 |
| | 173/22-വാകത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 274/19-03-22 | 450000 | 0 | 450000 |
| | 127/22-മടപ്പള്ളി ഗ്രാമ പഞ്ചായത്ത് - മാമൂട് ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ | 90/18-11-21 | 496426 | 0 | 496426 |
| | 175/22-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് അയർക്കാട്ടുവയൽ ഡിവിഷൻ 1 മുതൽ 6 വരെ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 305/25-03-22 | 299956 | 0 | 299956 |
| | 174/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 306/25-03-22 | 47129 | 0 | 47129 |
| | ആകെ | | 17,93,005/- | 0 | 17,93,005/- |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 108/22-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ അയർക്കാട്ടുവയൽ ഡിവിഷനിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 210/22-02-22 | 500000 | 0 | 500000 |
| | 73/22-വാകത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 232/08-03-22 | 672000 | 0 | 872000 |
| | | 325/27-03-22 | 200000 | | |
| | 72/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 197/16-02-22 | 882000 | 0 | 882000 |
| | 111/22-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 233/08-03-22 | 1000000 | 0 | 1000000 |
| | 184/22-അമര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 318/27-03-22 | 124800 | 0 | 124800 |
| | 176/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മണ്ണാത്തിപ്പാറ കുടിവെള്ള | 289/23-03-22 | 200000 | 0 | 200000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | പദ്ധതി രണ്ടാം ഘട്ടം | | | | | |
| | | 179/22-തുക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് ചെമ്പുപുറം-പാലക്കളം-ആശാരിമുക്ക്-പ്ലാന്തോട്ടം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 315/25-03-22 | 247600 | 0 | 247600 | |
| | | 99/22-വാകത്താനം ഡിവിഷൻ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 105/24-11-21 | 500000 | 0 | 500000 | |
| | | 103/22-പഴയ പഞ്ചായത്ത്പടി പായിപ്പാട് യു.പി സ്കൂൾ റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 72/01-11-21 | 500000 | 0 | 500000 | |
| | | 96/22-പായിപ്പാട് പഞ്ചായത്ത് വാർഡ് IX പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 240/10-03-22 | 500000 | 0 | 500000 | |
| | | 45/22-ഇൻഡസ്ട്രിയൽ നഗർ ഡിവിഷൻ വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് മണ്ണാത്തിപ്പാറ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പഴയ പടി | 180/11-02-22 | 500000 | 0 | 500000 | |
| | | 34/22-തുക്കൊടിത്താനം | 181/11-02-22 | 600000 | 0 | 600000 | |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമ പഞ്ചായത്ത്-കോട്ടമുറി ഡിവിഷൻ-ചെമ്പുപുറം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | | | | |
| | 178/22-വാകത്താനം ഗ്രാമ പഞ്ചായത്ത്-കുവക്കട തൊമ്മിപ്പീടിക റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 307/25-03-22 | 97204 | 0 | 97204 |
| | ആകെ | | 1,01,09,614 | 0 | 1,01,09,614 |

വിനിയോഗവിവരങ്ങൾ ലഭ്യമാക്കാത്ത സാഹചര്യത്തിൽ മേൽ പ്രോജക്ടുകൾക്കായുള്ള 1,01,09,614/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക, പഞ്ചായത്ത് ഭരണസമിതിയുടെ 27.05.2022-ലെ 3 (1) നം. തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് വെബ് പോർട്ടൽ മുഖേനയും സെക്രട്ടറിയുടെ B-111/2022 നം. കത്ത് മുഖേനയും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. വാർഷിക ധനകാര്യ പത്രിക 25.11.2022-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31.03.2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 പ്രകാരം ചേർത്തിരിക്കുന്നു.

## 4-2 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷം, സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ടിന്റെ വിനിയോഗം ചുവടെ ചേർക്കുന്നു.

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 1,96,000/- | പി.എം.എ.വൈ ഭവന നിർമ്മാണ പദ്ധതി (ജനറൽ) (113/22) | 1,96,000/- |
| | | | ആകെ | 1,96,000/- |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം, ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 172/22-മാടപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 499494 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 173/22-വാകത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 450000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 127/22-മടപ്പള്ളി ഗ്രാമ പഞ്ചായത്ത് - മാമൂട് ഡിവിഷൻ - വിവിധ സ്ഥലങ്ങളിൽ ലൈൻ എക്സ്റ്റൻഷൻ | 496426 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 175/22- | 299956 | 0 | വിനിയോഗവിവരം |

| | | | | |
|---|---|---|---|---|
| | തൂക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് അയർക്കാട്ടുവയൽ ഡിവിഷൻ 1 മുതൽ 6 വരെ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | | | ലഭ്യമല്ല |
| | 174/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റൻഷൻ | 47129 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | 1793005 | 0 | |
| കേരള വാട്ടർ അതോറിറ്റി | 108/22-തൂക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ അയർക്കാട്ടുവയൽ ഡിവിഷനിൽ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 73/22-വാകത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 872000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 72/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 882000 | 0 | വിനിയോഗവിവരം ലഭ്യമല്ല |

| | | | | | |
|---|---|---|---|---|---|
| | | 111/22-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1000000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 184/22-അമര കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 124800 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 176/22-വാഴപ്പള്ളി ഗ്രാമ പഞ്ചായത്തിലെ മണ്ണാത്തിപ്പാറ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം | 200000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 179/22-തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത് ചെമ്പുപുറം-പാലക്കുളം-ആശാരിമുക്ക്-പ്ലാന്തോട്ടം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 247600 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 99/22-വാകത്താനം ഡിവിഷൻ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 108/22-പഴയ പഞ്ചായത്ത്പടി പായിപ്പാട് യു.പി സ്കൂൾ റോഡ് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 500000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | | 96/22- | 500000 | 0 | വിനിയോഗവിവരം |

| | | | | |
|---|---|---|---|---|
| | പായിപ്പാട് പഞ്ചായത്ത് വാർഡ് IX പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | | | ലഭ്യമല്ല |
| | 45/22- ഇൻഡസ്ട്രിയൽ നഗർ ഡിവിഷൻ വാഴപ്പള്ളി ഗ്രാമ പഞ്ചായത്ത് മണ്ണാത്തിപ്പാറ കുടിവെള്ള പദ്ധതി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പഴയ പടി | 500000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 34/22- തൃക്കൊടിത്താനം ഗ്രാമ പഞ്ചായത്ത്- കോട്ടമുറി ഡിവിഷൻ- ചെമ്പുപുറം കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 600000 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | 178/22- വാകത്താനം ഗ്രാമ പഞ്ചായത്ത്- ഞാലിയാകുഴി ക്ലുവക്കട തൊമ്മിപ്പീടിക റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 97204 | 0 | വിനിയോഗവിവരം ലഭ്യമല്ല |
| | ആകെ | 6523604 | 0 | |

4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകകൾ ഒന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്നില്ല.

4-6 സ്ഥിരനിക്ഷേപങ്ങൾ

31/03/2022 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

### 4-7 ഓഡിറ്റ് റിക്കവറി

2021-2022 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് വർഷം, ഖണ്ഡിക, തുക ഒടുക്കിയ ഉദ്യോഗസ്ഥൻ/വ്യക്തി, ഉദ്യോഗപ്പേര്, വിലാസം, വരവ് ഇനം, രസീത് നം., തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ് സി വനിതാ പരിശീലന കേന്ദ്രം – നിഷ്ക്രിയ ആസ്തി | |

### 4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം, ചാർജ്/സർചാർജ് നടപടികൾ തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2018-19 | 3-1 | 150,600/- | സ്കൂളുകൾക്ക് ലാപ്ടോപ്പ്,പ്രോജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല. | ശ്രീമതി ചന്ദ്രിക ബി., (സെക്രട്ടറി) കാരയക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഓ., ചങ്ങനാശ്ശേരി |

### 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 6,30,97,033 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,79,35,638/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,39,74,180 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 8,89,609 | ജിതിൻബോസ്.കെ.ജെ.അസി.എഞ്ചി |
| 1-13 | 3,60,000 | ആഷ ബി., ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-14 | 8,09,650 | ആഷ ബി.ഡയറി എക്സ്.ഓഫീസർ |
| 1-17 | 12,00,000 | ഡോ അനീന സൂസൻ,കൃഷി അസി ഡയറക്ടർ |
| 1-18 | 6,05,307 | ഡോ സിജി വർഗീസ്, സിഎച്ച്സി മെഡിക്കൽ ഓഫീസർ |
| 1-21 | 1,01,09,614 | ഷാജി എം ഇ, സെക്രട്ടറി |
| ആകെ | 1,39,74,180 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 30/04/2022 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 |
| 1999-00 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 9 |
| 2001-02 | നം.എൽ.എഫ്.കെ.പി.15/അദാ/816(4)/18/ 8.5.18 | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770/13/30.10.13/ 5.11.13 | 4 |
| 2003-04 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 3 |
| 2004-05 | നം.എൽ.എഫ്.കെ.പി.15/അദാ/816(6)/18/ 8.5.18 | 2 |
| 2006-07 | നം.എൽ.എഫ്.കെ.പി.15/അദാ/18(8)/18/ 6.5.21 | 6 |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 | 4 |
| 2008-09 | നം.എൽ.എഫ്.കെ.പി.15/അദാ/816(9)/18/ 8.5.18 | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.15/അദാ/816(5)/18/ 8.5.18 | 5 |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18 | 12 |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18 | 2 |
| 2012-13 | നം.എൽ.എഫ്.കെ.പി.15/അദാ/816(13)/18/ 8.5.18 | 4 |
| 2013-14 | നം.എൽ.എഫ്.കെ.പി.15/അദാ/816(14)/18/ 8.5.18 | 5 |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18 | 1 |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ 8.5.18 | 3 |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.9.2020 | 11 |
| 2017-18 | നം.കെ.എസ്.കെ.ടി.എം.പി.15/126/19/ 15.2.19 | 10 |
| 2018-19 | നം.കെ.എസ്.കെ.ടി.എം.പി.15/1781/19/ 10.10.2022 | 16 |
| 2019-20 | നം.കെ.എസ്.കെ.ടി.എം.പി.15/779/22/ 20.05.2022 | 31 |
| 2020-21 | നം.കെ.എസ്.കെ.ടി.എം.പി.15/780/22/ 24.05.2022 | 42 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്